# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **1436**

07/06/2018-ൽ മറുപടിയ്ക്ക്

## മലപ്പുറം ഗവണ്മെന്റ് വനിതാ കോളേജിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള:

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ഗവണ്മെന്റ് വനിതാ കോളേജിൽ പ്രിൻസിപ്പൽ തസ്തികയുൾപ്പെടെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നല്കുമോ; | (എ) (ബി) (സി) & (ഡി) | മലപ്പുറം വനിതാ കോളേജിൽ കെമിസ്ട്രി - 1, ഇംഗ്ലീഷ് - 2 എന്നിങ്ങനെ 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ തസ്തികയുൾപ്പെടെയുള്ള അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാനാവുകയുള്ളൂ. എന്നിരുന്നാലും അറ്റൻഡർ, സ്വീപ്പർ, സാനിട്ടേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്ക് കുടുംബശ്രീ യൂണിറ്റ് മുഖാന്തിരം കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ സ.ഉ(സാധാ)918/2018/ഉ.വി.വ തീയതി 9.5.2018 പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | | |
| (സി) | പുതുതായി അനുവദിച്ച കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയില്ലാത്ത ഏക കോളേജാണ് മലപ്പുറം ഗവണ്മെന്റ് വനിതാ കോളേജെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ അവിടെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**